


# ഞങ്ങൾ നിന്റെ അമ്മയും അച്ഛനുമല്ലെന്ന് എന്നാണ് പറയേണ്ടത്...



ഡോ. പി.എൻ സുരേഷ് കുമാർ
പ്രൊഫസർ ഓഫ് സൈക്യാട്രി
കെ.എം.സി.ടി മെഡിക്കൽ കോളേജ് കോഴിക്കോട്

“ പലവിധ ജീവിതശൈലിരോഗങ്ങളാൽ നമുക്കിടയിൽ വന്ധ്യത ഒരു ശീലമായി. ലക്ഷങ്ങൾ ചെലവിട്ട് പണവും ജീവിതത്തിന്റെ നല്ലകാലവും കഴിയുമ്പോഴാണ് പലരും ദത്തെടുക്കൽ എന്ന തീരുമാനത്തിലേക്ക് എത്തുന്നത്. അതുകൊണ്ട് തന്നെ അതിന്റെ നൂലാമാലകളോ മറ്റ് കാര്യങ്ങളോ അറിയാത്തവരാണ് ചുറ്റിനും. കുഞ്ഞിന്റെയും ദത്തെടുത്ത മാതാപിതാക്കളുടെയും മാനസിക വ്യാപാരങ്ങൾ പലപ്പോഴും സമരസപ്പെടാത്തത് പലവിധ പ്രശ്നങ്ങളിലേക്ക് നയിക്കും. ദത്തെടുക്കൽ കുഞ്ഞിന്റെ ഏറ്റവും കുറഞ്ഞ പ്രായത്തിലാകുന്നതാണ് നല്ലത്. താനൊരു ദത്തുകുട്ടിയാണെന്ന് അവർക്ക് ഒരു പ്രായത്തിലെത്തുമ്പോൾ പറഞ്ഞുമനസ്സിലാക്കുകയും വേണം. ദത്തെടുക്കൽപോലും വലിയ ദുരിതമായി മാറുന്ന അത്തരം അവസ്ഥകളെ എങ്ങനെ ഒഴിവാക്കാം. ഏത് പ്രായക്കാരെ ദത്തെടുക്കാം. അത്തരം കുട്ടികളെ വളർത്തുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ ഇത്തവണ നോക്കാം.

## എന്താണ് ദത്തെടുക്കൽ (ADOPTION)

ഒന്നോ അതിലധികമോ പ്രായപൂർത്തിയായവർ തങ്ങൾ മാതാപിതാക്കളല്ലാത്തതും എന്നാൽ നിയമപരമായും ആചാരപരമായും മാതാപിതാക്കളായി അംഗീകരിക്കപ്പെട്ടതുമായ കുട്ടികളെ തങ്ങളുടെ കുടുംബത്തിലേക്ക് സ്വീകരിക്കുന്നതാണ് ദത്തെടുക്കൽ. പകുതിയിലധികം കുട്ടികളെയും ജൻമം കൊണ്ടോ മറ്റുവിധത്തിലോ ബന്ധമില്ലാത്തവരാണ് ദത്തെടുക്കുന്നത്. ബാക്കിയുള്ളവർ ബന്ധുക്കളിൽനിന്നും ദത്തെടുക്കുന്നു.

അനാഥാലയങ്ങളിലെത്തുന്ന പകുതിയിലധികം കുട്ടികളും വിവാഹേതരബന്ധങ്ങളിൽ ഉള്ളവരാകും. കുട്ടികൾക്ക് 12 മാസം പ്രായമെത്തുന്നതിനുമുമ്പാണ് ദത്തെടുക്കാൻ നല്ലത്. രണ്ടുതരത്തിൽ ദത്തെടുക്കാം.

1) **ഓപ്പൺ:** ഇത്തരം സന്ദർഭങ്ങളിൽ കുട്ടിയുടെ ശരിക്കുള്ള മാതാപിതാക്കൾ ആരെന്നറിഞ്ഞുകൊണ്ടാണ് ദത്തെടുക്കുന്നത്. അവരുടെ സമ്മതത്തോടെ. പലപ്പോഴും സാമ്പത്തിക പ്രശ്നങ്ങളോ കുട്ടികൾക്ക് കൃത്യമായി വിദ്യാഭ്യാസമോ മറ്റും നൽകാൻ കഴിയാത്തവർ ഇത്തരം ദത്തെടുക്കലിന് കൊടുക്കുന്നു. എന്നാൽ ഇതിൽ കുട്ടിക്ക് അവരുടെ യഥാർഥ അച്ഛനമ്മമാർ ആരെന്ന് അറിയുന്നതിനാൽ അങ്ങോട്ട് ഒരു ചായ്‌വ് ഉണ്ടാകും. മാത്രമല്ല, ചില സന്ദർഭങ്ങളിൽ കുട്ടിയുടെ കാര്യത്തിൽ യഥാർഥ അച്ഛനമ്മമാർ ഇടപെടുകയും ചെയ്യും.

2) **ക്ലോസ്ഡ് :** ക്ലോസ്ഡ് ദത്തെടുക്കലിൽ ആരും പരസ്പരം തിരിച്ചറിയുന്നില്ല. യഥാർഥ അച്ഛനമ്മമാരോ ദത്തെടുക്കുന്നവരോ പരസ്പരം അറിയാതെയാണ് നടപടികൾ. ഇതിന് ഗുണങ്ങളേറെയാണ്. യഥാർഥ അച്ഛനമ്മമാർ അന്വേഷിച്ചുവരികയോ അവരുടെ അധികമായ ഇടപെടൽ ഉണ്ടാകുകയോ ചെയ്യുന്നില്ല. കുട്ടിക്കും അത് സൗകര്യമാണ്. ഇത് രണ്ടും കൂടാതെ മൂന്നാമതൊരു ദത്തെടുക്കൽ ഉണ്ട്, ട്രൈയാഡ് (TRIAD). ദത്തെടുക്കൽ എന്ന അർഥം പൂർണമായും ചേരില്ലെങ്കിലും ഒരുതരത്തിൽ അങ്ങനെതന്നെയാണ്. യഥാർഥ രക്ഷിതാക്കളുടെ കൈയിൽനിന്ന് പരസ്പരം അറിഞ്ഞ് അഡോപ്റ്റ് ചെയ്യുന്ന രീതിയാണിത്.

> **“ കുട്ടികളിൽ ദത്തെടുപ്പ് വളരെ മാനസിക സമ്മർദങ്ങളുണ്ടാക്കുന്നുണ്ട്. യഥാർഥ അച്ഛനമ്മമാരുടെ ആത്മബന്ധം നഷ്ടപ്പെടുമ്പോൾ അവർക്ക് അറ്റാച്ച്മെന്റ് ഡിസോർഡർ ഉണ്ടാകും. അതിന്റെ ഫലമായി, പലവിധ സ്വഭാവവൈകല്യങ്ങൾ കാണപ്പെടും. നുണപറയുക, സ്കൂളിലടക്കം എല്ലാവരോടും ധിക്കരിച്ച് പ്രതികരിക്കുക. താൻ മോശമാണെന്ന് ഉറപ്പിച്ച് പറയുക, വിശ്വസിക്കുക. ഇത്തരം കുട്ടികളിൽ സാധാരണ കുട്ടികളേക്കാൾ ഉത്കണ്ഠാരോഗം വരാനുള്ള സാധ്യത 1.52 ഇരട്ടിയാണ്. ഇവരിൽ സ്വയംപീഡ (തല ചുവരിലിടിക്കുക, നെഞ്ചത്തടിക്കുക തുടങ്ങിയവ), ലഹരിഉപയോഗം, അരക്ഷിതാവസ്ഥ എന്നിവ കാണാം. പെൺകുട്ടികൾക്കാണ് ഇത് കൂടുതലായി അനുഭവപ്പെടുക. വിവാഹജീവിതത്തിന്റെ സമയത്താണ് ഇത് പ്രശ്നമായി അവതരിക്കുക.**

### സംഘർഷങ്ങളേറെ

ദത്തെടുപ്പ് കുട്ടികളിലും മാതാപിതാക്കളിലും ഒരുപോലെ സംഘർഷഭരിതമായ ഒരു കാര്യമാണ്. കുട്ടികൾക്കായിരിക്കും അത് കൂടുതലും. സ്വന്തം കുട്ടിയല്ലല്ലോ എന്ന ചിന്ത മാതാപിതാക്കൾക്കും. താൻ ഇവരുടെ കുട്ടിയല്ലല്ലോ എന്നതും തന്നെ ദത്തെടുത്തതാണല്ലോ എന്നതുമായ ചിന്ത കുട്ടികൾക്കും ഉണ്ടാകാം. അച്ഛനമ്മമാരിൽനിന്നുള്ള വേർപാട്, പുതിയ വീട്ടിൽ എങ്ങനെ സ്വീകരിക്കപ്പെടുന്നു എന്നതൊക്കെ കുട്ടികളിൽ വലിയ സ്വാധീനമുണ്ടാക്കും.

> **“ കേരളത്തിൽ 2017-18 ൽ മൂവായിരത്തോളം ആളുകൾ ദത്തെടുക്കാൻ സന്നദ്ധത കാണിച്ചിട്ടുണ്ട്. എന്നാൽ 30-70 വരെ കുട്ടികളെ നൽകാനേ സാധിച്ചിട്ടുള്ളൂ. നടപടികളിലെ കാലതാമസമാണ് പ്രധാനവില്ലൻ. നടപടിയിലെ നൂലാമാലകൾ ആളുകളെ അകറ്റുന്നു. വ്യവസ്ഥകളും നിബന്ധനകളും വളരെ ശക്തമാണ്. അതങ്ങനെതന്നെ വേണം പക്ഷെ, നടപടിക്രമങ്ങളിൽ അനാവശ്യമായ വൈകൽ പാടില്ല.**

### ഏതു പ്രായത്തിൽ ഒപ്പംകൂട്ടാം

മൂന്നുവയസ്സോടെ കുട്ടികളിൽ ബുദ്ധിയുറച്ച് തുടങ്ങും. അതിനാൽ അതിനുമുമ്പ് ദത്തെടുക്കണം. പരമാവധി 12 മാസത്തിനകം ദത്തെടുക്കുന്നതാണ് ഇരുകൂട്ടർക്കും നല്ലത്. പ്രായം കൂടുംതോറും അവരനുഭവിക്കാനിടയുള്ള മാനസിക സമ്മർദം ഏറും. രക്ഷിതാക്കളുമായി സ്നേഹബന്ധം ശരിയാകണമെങ്കിൽ ഒരുവർഷത്തിനകം തന്നെയാണ് പറ്റിയ സമയം. അതിൽതന്നെ രണ്ടുമാസത്തിനകം ദത്തെടുക്കാൻ പറ്റിയാൽ ഏറെ നല്ലത്.

### അഡോപ്റ്റഡ് ചൈൽഡ് സിൻഡ്രോം

കുട്ടികളിൽ ദത്തെടുപ്പ് വളരെ മാനസിക സമ്മർദങ്ങളുണ്ടാക്കുന്നുണ്ട്. യഥാർഥ അച്ഛനമ്മമാരുടെ ആത്മബന്ധം നഷ്ടപ്പെടുമ്പോൾ അവർക്ക് അറ്റാച്ച്മെന്റ് ഡിസോർഡർ ഉണ്ടാകും. അതിന്റെ ഫലമായി, പലവിധ സ്വഭാവവൈകല്യങ്ങൾ കാണപ്പെടും. നുണപറയുക, സ്കൂളിലടക്കം എല്ലാവരോടും ധിക്കരിച്ച് പ്രതികരിക്കുക. താൻ മോശമാണെന്ന് ഉറപ്പിച്ച് പറയുക,



> അച്ഛനമ്മമാരില്ലാത്ത കുഞ്ഞല്ലേ എന്നുകരുതി ഏറെ ലാളിക്കുന്നവരുണ്ട്. അതും പാടില്ല. അതിലൊരു അച്ചടക്കം വരുത്തണം. സ്വന്തം കുട്ടിയോട് എങ്ങനെ പെരുമാറും എന്നത് മാത്രമാലോചിച്ച് അങ്ങനെ മാത്രം പെരുമാറുക. മോശമായി വിമർശിക്കരുത്. അത്തരം വിമർശനമോ മറ്റേതെങ്കിലും കുട്ടിയുമായുള്ള താരതമ്യമോ കുട്ടിയെ വിഷാദത്തിലാക്കും. എന്നെ ഇവർക്ക് ഇഷ്ടമല്ലേ എന്ന തരത്തിൽ കുട്ടിയുടെ ചിന്ത പോകും. അതിനാൽ അതിലൊരു അതിർവരമ്പ് സൂക്ഷിക്കണം. പെരുമാറ്റത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ കാണിച്ചാൽ സൈക്കോളജിസ്റ്റിന്റെ സഹായം തേടുന്നതിൽ മടിക്കരുത്.

വിശ്വസിക്കുക. ഇത്തരം കുട്ടികളിൽ സാധാരണ കുട്ടികളേക്കാൾ ഉത്ക്കണ്ഠാരോഗം വരാനുള്ള സാധ്യത 1.52 ഇരട്ടിയാണ്. ഇവരിൽ സ്വയംപീഡ (തല ചുവരിലിടിക്കുക, നെഞ്ചത്തടിക്കുക തുടങ്ങിയവ), ലഹരിഉപയോഗം, അരക്ഷിതാവസ്ഥ എന്നിവ കാണാം. പെൺകുട്ടികൾക്കാണ് ഇത് കൂടുതലായി അനുഭവപ്പെടുക. വിവാഹജീവിതത്തിന്റെ സമയത്താണ് ഇത് പ്രശ്നമായി അവതരിക്കുക.

## അവരെ മനസ്സിലാക്കാം

സാധാരണയായി ഉപേക്ഷിക്കപ്പെടുന്ന കുട്ടികളിൽ ഭൂരിഭാഗവും അവിഹിതത്തിലോ സാമ്പത്തിക പ്രശ്നങ്ങളിലോ ഉൾപ്പെട്ടവരായിരിക്കും. അടിസ്ഥാനപരമായി അവരുടെ ആ പ്രശ്നം അങ്ങനെ നിലനിൽക്കും. അതായത്, അക്രമസ്വഭാവം, ദേഷ്യം, കള്ളം പറയൽ എന്നിങ്ങനെ ചില പ്രശ്നങ്ങൾ ഇത്തരം കുട്ടികളിലുണ്ടാകും. ഇവർ മുതിർന്നുകഴിഞ്ഞാൽ മദ്യപാനം, അക്രമം, ആത്മഹത്യാപ്രവണത എന്നിങ്ങനെ രീതിയിലുമാകും. മൃഗങ്ങളോടും മറ്റും ക്രൂരതയും ലൈംഗികവൈകൃതങ്ങളും ഇവരിൽ കാണാം. ദത്തെടുത്ത കുട്ടികൾക്ക് എല്ലാവരും ഉപേക്ഷിച്ചവനാണ് താൻ എന്ന ചിന്തയുണ്ടാകും. ദുഖം, വിഷാദം, ആത്മവിശ്വാസക്കുറവ് എന്നിവയും. എനിക്കെന്തോ കുറവുള്ളതിനാലാണ് അച്ഛനമ്മമാർ ഉപേക്ഷിച്ചത് എന്നു തോന്നും. അത് കൂടാതെ അവരിൽ ഭയങ്കര കുറ്റബോധം ഉണ്ടാകും. അതായത്, പുതിയ മാതാപിതാക്കളുടെ ആഗ്രഹത്തിന് എനിക്ക് വളരാനാകുന്നുണ്ടോ എന്ന കുറ്റബോധം. ഇത്തരം കുട്ടികളിൽ അകാരണമായ പേടി എപ്പോഴുമുണ്ടാകും. അച്ഛനമ്മമാർ ആരെന്നറിയാത്തതിനാൽ കുട്ടിയുടെ മെഡിക്കൽ ഹിസ്റ്ററിപോലും നമുക്ക് അന്യമാകും. സാധാരണയായി അച്ഛനമ്മമാർക്കുള്ള രോഗങ്ങളും മറ്റും അറിഞ്ഞിരുന്നാൽ നല്ലതാണ്. കാരണം, സ്വഭാവികമായും ജനിതകപരമായി കുട്ടികൾക്കും അത് കാണപ്പെടാം. ചില പെരുമാറ്റവൈകല്യങ്ങൾ പോലും ഇത്തരത്തിൽ കാണാനാകും.

## അറിയിക്കാം നമുക്കുതന്നെ

മൂന്നുവയസ്സിൽ കുട്ടിക്ക് മനസ്സിലായിത്തുടങ്ങും എന്നു പറഞ്ഞല്ലോ. അതിനുമുമ്പ് ദത്തെടുക്കണം. ഒപ്പം താനൊരു ദത്തുകുട്ടിയാണെന്ന വിവരം രക്ഷിതാക്കൾതന്നെ അവരോട് അറിയിക്കുന്നതാണ് നല്ലത്. അതുപക്ഷെ പടിപടിയായി

വേണം അറിയിക്കാൻ. ഓരോ സമയത്തും കുട്ടിയുടെ മാനസികാവസ്ഥ, പ്രതികരണം എന്നിവ നിരീക്ഷിച്ച് വേണം അത് അവതരിപ്പിക്കാൻ. മറ്റ് ബന്ധുക്കളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ ഇത് ഒരിക്കലും കുട്ടി അറിയരുത്. രക്ഷിതാക്കൾതന്നെ അറിയിക്കണം. അല്ലാത്തപക്ഷം അവരുടെ മാനസികനില, ഉറക്കം, പഠനം എന്നിവയെ ബാധിക്കും. അതിനാൽതന്നെ ഒരുവയസ്സിനുമുമ്പ് ദത്തെടുക്കുകയാണെങ്കിൽ ഇത്തരം വിഷയങ്ങൾ കൈകാര്യംചെയ്യുന്നതിൽ അത്ര പ്രശ്നമുണ്ടാകില്ല. ഓരോ പ്രായത്തിലും എങ്ങനെ കുട്ടി പ്രതികരിക്കും എന്നതടക്കം പ്രമുഖ സൈക്കോളജിസ്റ്റായിരുന്ന എറിക് എറിക്സൺ (Erik Erikson) വ്യക്തമാക്കിയിട്ടുണ്ട്. മറ്റുള്ളവരിൽ നിന്നറിയുന്നത്, കുട്ടിക്ക് രക്ഷിതാക്കളോടുള്ള വിശ്വാസം നഷ്ടപ്പെടുത്തും. 18 വയസ്സായാൽ അത് അറിഞ്ഞിരിക്കുക എന്നത് പിന്നെ കുട്ടിയുടെ അവകാശമായി മാറും.

കൗമാരത്തിലാണ് സ്വന്തമായി അസ്തിത്വം വികസിക്കുന്നത്. എന്നാൽ ദത്തുകുട്ടികൾക്ക് അത് സംഭവിക്കില്ല. ഞാൻ ആരാണ്, യഥാർഥ മാതാപിതാക്കൾ ആരാണ്... എന്തിനെന്നെ ഉപേക്ഷിച്ചു... എന്നൊക്കെയുള്ള ചിന്ത അവരിൽ വളർന്ന് ഒരുതരം പ്രതിസന്ധിയിൽ അകപ്പെടും. അച്ഛനമ്മമാരോടോ രക്ഷിതാക്കളോടോ താദാത്മ്യപ്പെടാൻ അവർക്ക് സാധിക്കില്ല. അത്തരം അസ്തിത്വ പ്രതിസന്ധി അവരെ മദ്യം, മയക്കുമരുന്ന്, ആത്മഹത്യാപ്രവണത എന്നിവയിലേക്ക് തള്ളിവിടും.

## ദത്തെടുപ്പ് നൽകുന്ന മനസ്സുഖം

കുട്ടികളില്ലാതെ ദീർഘകാലം കഴിഞ്ഞവർക്ക് ദത്തെടുപ്പ് ജീവിതത്തിലേക്കുള്ള തിരിച്ചുവരവ് തന്നെയാകും. വീട്ടിൽ പുതിയ ഒരംഗം എത്തുന്നത്

മാതാപിതാക്കളുടെ പരസ്പര ബന്ധം തന്നെ മെച്ചപ്പെടുത്തും. കുട്ടികൾ മുതിർന്ന് അവരുടെ വിവാഹബന്ധത്തിലും ഈ വിവരമറിയിക്കുന്നതും മനസ്സിലാക്കി ചെയ്യുന്നതുമാണ് നല്ലത്. അത്തരക്കാർക്കേ പങ്കാളിയെ പിന്തുണയ്ക്കാൻ കഴിയൂ. പരമാവധി രക്ഷിതാക്കളും നല്ലൊരു കൗൺസലിങ് നേടിയിരിക്കണം. എങ്കിലേ നല്ല മാതാപിതാക്കളാകാൻ കഴിയൂ.

## കൂടുതൽ ചെല്ലം വേണ്ട

അച്ഛനമ്മമാരില്ലാത്ത കുഞ്ഞല്ലേ എന്നുകരുതി ഏറെ ലാളിക്കുന്നവരുണ്ട്. അതും പാടില്ല. അതിലൊരു അച്ചടക്കം വരുത്തണം. സ്വന്തം കുട്ടിയോട് എങ്ങനെ പെരുമാറും എന്നത് മാത്രമാലോചിച്ച് അങ്ങനെ മാത്രം പെരുമാറുക. മോശമായി വിമർശിക്കരുത്. അത്തരം വിമർശനമോ മറ്റേതെങ്കിലും കുട്ടിയുമായുള്ള താരതമ്യമോ കുട്ടിയെ വിഷാദത്തിലാക്കും. എന്നെ ഇവർക്ക് ഇഷ്ടമല്ലേ എന്ന തരത്തിൽ കുട്ടിയുടെ ചിന്ത പോകും. അതിനാൽ അതിലൊരു അതിർവരമ്പ് സൂക്ഷിക്കണം. പെരുമാറ്റത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ കാണിച്ചാൽ സൈക്കോളജിസ്റ്റിന്റെ സഹായം തേടുന്നതിൽ മടിക്കരുത്. ഒപ്പം ദത്തെടുക്കുന്നവർക്കും നല്ലൊരു ഗൈഡൻസ്, പ്രീ ദത്തെടുക്കൽ കൗൺസിൽ നൽകാം. ദത്തെടുക്കുന്ന കുട്ടികളിൽ തന്നെ നമ്മുടെ പെരുമാറ്റം വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികൾ ശാരീരികമായും മാനസികമായും പീഡിപ്പിക്കപ്പെടാനുള്ള സാധ്യത കൂടുതലാണ്. കൂടാതെ വൈകാരികമായ പീഡനത്തിനും സാധ്യതയുണ്ട്. അമേരിക്കയിൽ ഹൂസ്റ്റണിൽ മലയാളി ദമ്പതികളായ വെസ്ലി മാത്യൂസ് -സിനി എന്നിവരുടെ ദത്തുപുത്രി ഷെറിന് സംഭവിച്ചതും അതാണ്. ഭക്ഷണം കഴിക്കാത്തതിന് രാത്രി വീടിനു പുറത്തിറക്കി നിർത്തിയ കുട്ടിയെ പിന്നീട് മരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു. അന്വേഷണത്തിൽ വെസ്ലി കുട്ടിയെ ഒഴിവാക്കാനായി ചെയ്തതാണെന്ന് വ്യക്തമായി. രണ്ടാമത്തെ കുഞ്ഞുണ്ടായതോടെ , കേൾവിതകരാർകൂടിയുള്ള ഷെറിൻ ബാധ്യതയാണെന്നുകണ്ടാണ് പിതാവ് അത്തരത്തിൽ ചെയ്തത്. എത്രയായാലും മറ്റൊരാളുടേതല്ലേ എന്ന ചിന്തയാണ് പ്രശ്നക്കാരൻ.

## ആർക്കും ദത്തെടുക്കാം

വിവാഹം കഴിച്ചവർക്കും കഴിക്കാത്തവർക്കും കുട്ടികളില്ലാത്തവർക്കും ഉള്ളവർക്കും വിവാഹബന്ധം വേർപെടുത്തിയവർക്കും എന്നുവേണ്ട സകലർക്കും ദത്തെടുക്കാം. സർക്കാർ സെന്ററായ kerala state council for child welfare ആണ് ഇതിന്റെ അംഗീകൃത സ്ഥാപനം. തിരുവനന്തപുരം തൈക്കാടാണ് ഓഫീസ്.

ഫോൺ: 0471 2324939,

ഇമെയിൽ: childwelfarekerala.com

ഇതിന്റെ ശാഖകൾ ഓരോ ജില്ലയിലുമുണ്ട്. വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്താൽ അവർ നമ്മളെപ്പറ്റി അന്വേഷിക്കും. ശാരീരികാരോഗ്യം, വീട്, കുടുംബം, സ്വത്ത്, പാരമ്പര്യം എന്നിങ്ങനെ വിവരങ്ങൾവച്ച് റിപ്പോർട്ട് കൊടുക്കും. അത് അംഗീകരിച്ചാൽ രണ്ടോമൂന്നോ കുട്ടികളെ കാണിച്ചുകൊടുക്കും. അതിൽനിന്ന് തെരഞ്ഞെടുക്കാനായില്ലെങ്കിൽ ഒരുതവണകൂടി അവസരം കൊടുക്കും. ആൺകുട്ടിയെന്നോ പെൺകുട്ടിയെന്നോ ആവശ്യപ്പെടാനാകില്ല. അനധികൃതമായ ദത്തെടുക്കൽ മൂന്നുവർഷ തടവും ലക്ഷംരൂപ പിഴയും ലഭിക്കാവുന്ന കുറ്റമാണ്.

ദമ്പതികളുടെ പ്രായമനുസരിച്ചാണ് കുട്ടികളെ നൽകുക. ദമ്പതികളുടെ പ്രായം തമ്മിൽകൂട്ടി 90 ൽ താഴെയാണ് ലഭിക്കുന്നതെങ്കിൽ അവർക്ക് നാലുവയസ്സിൽ താഴെയുള്ള കുട്ടികളെ കൊടുക്കും. ദമ്പതികളുടെ പ്രായം കൂട്ടിയാൽ 90 നും 100നും ഇടയിലാണെങ്കിൽ നാലുമുതൽ എട്ടുവയസ്സിനിടയിലുള്ള കുട്ടികളെ പരിഗണിക്കും. നൂറിൽ കൂടുതലാണ് ദമ്പതികളുടെ പ്രായംകൂട്ടിയാൽ കിട്ടുന്നതെങ്കിൽ 8 നും 18 നും ഇടയിൽ വയസ്സുള്ള കുട്ടികളെ ദത്തുനൽകും.

കേരളത്തിൽ 2017-18 ൽ മൂവായിരത്തോളം ആളുകൾ ദത്തെടുക്കാൻ സന്നദ്ധതകാണിച്ചിട്ടുണ്ട്. എന്നാൽ 30-70 വരെ കുട്ടികളെ നൽകാനേ സാധിച്ചിട്ടുള്ളൂ. നടപടികളിലെ കാലതാമസമാണ് പ്രധാനവില്ലൻ. നടപടിയിലെ നൂലാമാലകൾ ആളുകളെ അകറ്റുന്നു. വ്യവസ്ഥകളും നിബന്ധനകളും വളരെ ശക്തമാണ്. അതങ്ങനെതന്നെ വേണം പക്ഷെ, നടപടിക്രമങ്ങളിൽ അനാവശ്യമായ വൈകൽ പാടില്ല.